PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964

Thursday, the 20th February 1964.

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 20th February 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

Mr. Speaker : Question No. 1, Shri C. K. Balakrishnan.

ഹാസ്പിറ്റലുകൾ പുതിക്കിപ്പണിയുന്നതിനു് നീക്കിവച്ചതുക

* 287. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഹാസ്പിറ്റലുകൾ പുതുക്കിപ്പണിയുന്നതിനു 1963–64–ൽ എത്ര തുക നീക്കിവച്ചിരുന്നു ;

(ബി) ഇതിൽ എത്ര തുക ചെലവായി ;

(സി) വക്കല ഗവണ്മെൻറു് ഹാസ്പിറ്റൽ പുതുക്കിപ്പണിയുന്നതിന്റെ ജോലി ഇതുവരെ തുടങ്ങാതിരിക്കാൻ കാരണമെന്തു് ;

(ഡി) നഗരൂർ പഞ്ചായത്തിൽ കേശവപുരം ആശുപത്രിയുടെ പണി എന്നാരംഭിക്കും ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 11,55,700 രൂപ.

(ബി) 31–12–1963 വരെ 6, 62,381 രൂപ.

(സി) വക്കല ഗവണ്മെൻറു് ഹാസ്പിറ്റൽ മുഴുവൻ പുതുക്കിപ്പണിയുന്നതിനു് പരിപാടിയില്ല. 20 ബഡ്ഡുകളോടുകൂടിയ ഒരു വാർഡിന്റെ പണി ആരംഭിച്ചിട്ടുണ്ടു്.

(ഡി) കേശവപുരം ആശുപത്രി പുതുക്കിപ്പണിയുവാൻ പരിപാടിയില്ല. അവിടെ പൊതുജനങ്ങൾക്കു് ഒരു മെറ്റേർണിറ്റി വാർഡു് പണിയുന്നതിനു് ആരംഭിച്ചിട്ടുണ്ടു്. അതു പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ : കേശവപുരത്തു് ഒരു മെറേർണിറ്റി വാർഡ് പണിയുന്നതിനവേണ്ടി ഡിപ്പാർട്ടുമെൻറിൽനിന്നുതന്നെ പ്ലാനും സ്കെച്ചും തയ്യാറാക്കി അയച്ചിട്ടു് ഇതുവരെ അതു് അപ്രൂവ് ചെയ്യുകഴിഞ്ഞിട്ടില്ല. അതു് അപ്രൂവ് ചെയ്യാൻ ഇത്ര കാലതാമസമുണ്ടായതിൻറെ കാരണമെന്താണു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കേശവപുരം ആശുപത്രിയോടനുബന്ധിച്ചു് ഒരു മെറേർണിറ്റിവാർഡു് പണിയുവാൻ ഗവണ്മെൻറിനു് പരിപാടിയില്ല. എന്നാൽ അവിടെ പൊതുജനങ്ങളുടെ വകയായി ഒരു മെറേർണിറ്റിവാർഡിൻറെ പണി ആരംഭിച്ചിട്ടുണ്ടു്. ഏകദേശം അതിൻറെ പകുതിയോളം പണി പൂർത്തിയായിട്ടുണ്ടു്.

ശ്രീ. പി. രവീന്ദ്രൻ : ആശുപത്രികളും പുതുക്കിപ്പണിയുന്നതിനു് 11 ലക്ഷത്തിലധികം രൂപ നീക്കിവച്ചതിൽ ഉദ്ദേശം 6 ലക്ഷത്തോളം രൂപ മാത്രമേ ചെലവായുള്ളു എന്നു പറഞ്ഞു. ബാക്കി 5 ലക്ഷം രൂപയും ഈവർഷം തന്നെ ചെലവാക്കുവാൻ കഴിയുമെന്നു ഗവണ്മെൻറു പ്രതീക്ഷിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോഴത്തെ പ്രതീക്ഷ അനുസരിച്ചാണെങ്കിൽ കൂടുതൽചെലവു വരുമെന്നാണു് കണക്കാക്കുന്നതു്.

ശ്രീ. പി. സി. രാഘവൻ നായർ : ആശുപത്രികളും പുതുക്കിപ്പണിയുന്നതിനു് 11 ലക്ഷത്തോളം രൂപ നീക്കിവച്ചതിൽ ആറു ലക്ഷം രൂപ മാത്രമേ ചെലവായുള്ളു എന്നു പറഞ്ഞു. കോഴിക്കോട്ടു് ജനറൽ ആശുപത്രിയിലെ ക്ഷയരോഗവാർഡു് പുതുക്കിപ്പണിയുന്നതിനെ സംബന്ധിച്ചിടത്തോളം വല്ല പരിപാടിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? കോഴിക്കോട്ടു് ആശുപത്രിയിലെ ക്ഷയരോഗവാർഡു്, പഴയ കിച്ചൺ റൂമിലാണെന്നുള്ള കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവിടെ ഇപ്പോൾ മെഡിക്കൽ കോളേജു് ആശുപത്രിയായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആശുപത്രിയിലാണു് റേ. ബി. വാർഡു് സ്ഥിതിചെയ്യുന്നതു്. അതു് ഇപ്പോൾ തൽക്കാലം പുതുക്കിപ്പണിയേണ്ട ആവശ്യമില്ല. ആ ആശുപത്രി മെഡിക്കൽകോളേജു് കെട്ടിടത്തിലേക്കു് മാറുമ്പോൾ കൂടുതൽ സ്ഥലസൗകര്യം കിട്ടും.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : തൃശ്ശൂർ ഡിസ്ട്രിക്റ്റു് ആശുപത്രിയിലെ പുതിയബ്ലോക്കിൻറെ പണി തീർന്നു കഴിഞ്ഞിട്ടു് മൂന്നുമാസമായി. അതു് തുടർന്നു പ്രവർത്തിക്കാത്തതിൻറെ കാരണമെന്താണു് ? സ്റ്റാഫ്സാംഗ്ഷൻ കൊടുക്കാത്തതുകൊണ്ടാണു് അതു് തുടർന്നു പ്രവർത്തിക്കാത്തതെന്നുള്ള കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: സ്റ്റാഫ്സാംഗ്ഷൻ കൊടുക്കാത്തതുകൊണ്ടല്ല അതിൻറെ പ്രവർത്തനം തുടങ്ങാൻ സാധിക്കാതെ വന്നിട്ടുള്ളതു്. അവിടെ കുറച്ചുമെയിൻറനൻസു് പണിയിനിയുമുണ്ടു്. അവിടത്തെ കാമ്പൗണ്ടുവാളിൻറെ പണി ഇതുവരെ പൂർത്തിയായിട്ടില്ല. അതു പൂർത്തിയാകാതെ ഓപ്പൺ ചെയ്യുകഴിഞ്ഞാൽ ആശുപത്രിക്കു് കൺട്രോളില്ലാതെ വരുന്നതാണു്. താമസിയാതെതന്നെ അതു് തുറക്കാൻ സാധിക്കുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. സി. എ. മാത്യു : ആശുപത്രികളും പുതുക്കിപ്പണിയുന്നതിനു് ബഡ്ജറിൽ തുക കൊള്ളിച്ചാലും യഥാവസരം പണികളും നടക്കാതിരിക്കുവാൻ പ്രധാന തടസ്സം പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽനിന്നു് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിലുള്ള കാലതാമസവും എഴുത്തുകുത്തുകളും നടത്തുന്നതിലുള്ള കാലതാമസവുമാണു്. ബഡ്ജറിൽ തുക കൊള്ളിക്കുന്നതോടൊപ്പം പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുകൂടി കർശനമായ നിർദ്ദേശം കൊടുക്കുകയും ആ budget-year-ൽ തന്നെ മുഴുവൻ തുകയും ചെലവാക്കുന്നതിനും വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു പരിഗണിക്കാം. അപ്രകാരം ചെയ്യണമെന്നാണു് ഇപ്പോൾത്തന്നെയുള്ള നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly